# ഗവ: യു.പി.എസ്. പിള്ളയാർകുളം

## കടകം, ആറ്റിങ്ങൽ



# അക്കാദമിക് മാസ്റ്റർപ്ലാൻ

# 2025-2026

## ഉള്ളടക്കം


1. ആമുഖം
2. ചരിത്രം
3. സ്കൂൾ കൈവരിച്ച നേട്ടങ്ങൾ
4. ഭൗതികനേട്ടം
5. പരിമിതികൾ
6. അടിസ്ഥാനവിവരങ്ങൾ
7. എൽ.പി. വിഭാഗം
    - 1-ാം ക്ലാസ്സ്
    - 2-ാം ക്ലാസ്സ്
    - 3-ാം ക്ലാസ്സ്
    - 4-ാം ക്ലാസ്സ്
8. യു. പി. വിഭാഗം - മേഖലകൾ
    - മലയാളം
    - ഇംഗ്ലീഷ്
    - ഹിന്ദി
    - അടിസ്ഥാനശാസ്ത്രം
    - ഗണിതം
    - സാമൂഹ്യശാസ്ത്രം
    - കലാപരിശീലനം
    - ആരോഗ്യകായിക വിദ്യാഭ്യാസം
    - പ്രവൃത്തിപരിചയം

# ഉള്ളടക്കം

1. ആമുഖം

2. ചരിത്രം

3. സ്കൂൾ കൈവരിച്ച നേട്ടങ്ങൾ

4. ഭൗതികനേട്ടം

5. പരിമിതികൾ

6. അടിസ്ഥാനവിവരങ്ങൾ

7. എൽ.പി. വിഭാഗം

    1-ാം ക്ലാസ്സ്

    2-ാം ക്ലാസ്സ്

    3-ാം ക്ലാസ്സ്

    4-ാം ക്ലാസ്സ്

8. യു. പി. വിഭാഗം - മേഖലകൾ

    മലയാളം

    ഇംഗ്ലീഷ്

    ഹിന്ദി

    അടിസ്ഥാനശാസ്ത്രം

    ഗണിതം

    സാമൂഹ്യശാസ്ത്രം

    കലാപരിശീലനം

    ആരോഗ്യകായിക വിദ്യാഭ്യാസം

    പ്രവൃത്തിപരിചയം

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ മികവിന്റെ കേന്ദ്രങ്ങളായി മാറിയ കേരളത്തിലെ വിദ്യാലയങ്ങളെ അക്കാദമികവും ഭൗതികവുമായി ശാക്തീകരിക്കുക്നതിനുവേണ്ടി തയ്യാറാക്കുന്ന പദ്ധതികളുടെ രൂപരേഖയാണ് അക്കാദമിക മാസ്റ്റർപ്ലാൻ ഇതിലൂടെ വിദ്യാർത്ഥികൾക്ക് സുരക്ഷിതവും സൗകര്യപ്രദവും, ശിശു സൗഹൃദമായ അന്തരീക്ഷം വിദ്യാലയങ്ങളിൽ ഉറപ്പുവരുത്തുകയാണ് ലക്ഷ്യമിടുന്നത്.

ഓരോ വിദ്യാലയവും അന്താരാഷ്ട്ര നിലവാരത്തിലേക്കെത്തുക എന്ന ലക്ഷ്യം പൂർത്തീകരിക്കാൻ പൊതുസമൂഹത്തിന്റെയും, വിദ്യാഭ്യാസ തത്പരരായ ജനങ്ങളുടെ പിന്തുണയും സഹകരണവും ആവശ്യമാണ്.
ഓരോ വിദ്യാർത്ഥിയുടേയും സർഗപരമായ വാസനകൾ കണ്ടെത്തി അവയെ വളർത്താനും വികസിപ്പിക്കാനും ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കുകയും ഇതിലൂടെ അവന്റെ സർവ്വതോൻമുഖമായ വികാസം ലക്ഷ്യമാക്കുകയുമാണ് അക്കാദമിക മാസ്റ്റർപ്ലാനിലൂടെ ഉദ്ദേശിക്കുന്നത്.

# ചരിത്രം

ചിറയിൻകീഴ് താലൂക്കിൽ ശാർക്കര പകുതിയിൽ കടകം ദേശത്ത് പടിഞ്ഞാറ് അറബിക്കടലും അഞ്ചുതെങ്ങ് കായലും പാർവ്വതിപുത്തനാറും യോജിക്കുന്ന മുതലപ്പൊഴിയും കേരവൃക്ഷനിബിഡമായ ഭൂപ്രകൃതിയാലും, അനുഗ്രഹീതമായ ഒരു പ്രദേശത്താണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്. ശ്യാമളത്തോപ്പ് സ്കൂൾ എന്നാണ് ഇത് അറിയപ്പെടുന്നത്.

ശ്രീനാരായണ ഗുരുദേവന്റെ ഉപദേശപ്രകാരം ഈ പ്രദേശത്ത് ഒരു സംസ്കൃതപാഠശാല തുടങ്ങാൻ തീരുമാനച്ചു അതിനുവേണ്ടി ഈ ദേശത്തുള്ള ശ്യാമളത്തോപ്പ് കുടുംബത്തിലെ ഒരു പ്രമുഖ ജ്യോതിഷപണ്ഡിതനായിരുന്ന ശ്രീമാൻ രാമൻകുട്ടി അവർകൾ ആണ് മുന്നിട്ടിറങ്ങിയത്, അദ്ദേഹത്തിൻരെ ഇഷ്ടദേവത പിള്ളയാർ (ഗണപതിഭഗവാൻ) ആയിരുന്നു. അങ്ങനെ ശ്രീമാൻ രാമൻകുട്ടി ആശാൻ സ്ഥാപിച്ച സംസ്കൃത പാഠശാലയ്ക്ക് ശ്യാമളത്തോപ്പിൽ പിള്ളയാർകുളം സംസ്കൃതപാഠശാലയെന്ന് നാമകരണം ചെയ്തു.

ബ്രിട്ടീഷ് ഭരണ കാലത്തോടുകൂടി സംസ്കൃതപാഠശാലകൾ മാറി മലയാളവും ഇംഗ്ലീഷും പഠിക്കാൻ തുടങ്ങി. ഈ കാലഘട്ടത്തിൽ പിള്ളയാർകുളം സംസ്കൃത പാഠശാല 1, 2 ക്ലാസ്സുകളോടുകൂടി പിള്ളയാർകുളം എൽ.പി.എസ്. ആയി മാറി, മെട്രികുലേഷൻ പാസ്സായ ശ്രീമാൻ ചക്രപാണി സാർ ശ്യാമളത്തോപ്പിൽ പിള്ളയാർകുളം എൽ.പി.എസിന്റെ മാനേജരായി മാറി. തുടർന്ന് 3, 4 ക്ലാസുകൾ ഗവൺമെന്റ് അനുവദിച്ചു ഇതിന് സ്ഥലമില്ലാതെ വന്നപ്പോൾ ശ്രീമാൻ കൃഷ്ണൻ മുതലാളി സ്കൂൾ കെട്ടിടം വയ്ക്കാൻ സ്ഥലം നൽകി. ചക്രപാണി സാറിന്റെയും, കൃഷ്ണൻ മുതലാളിയുടേയും നാട്ടുകാരുടേയും അശ്രാന്തപരിശ്രമത്തിന്റെ ഫലമായി സ്കൂൾ കെട്ടിടം നിർമ്മിച്ച് 3, 4 ക്ലാസ്സുകൾ ആരംഭിച്ചു. ഇതിന്റെ ഉദ്ഘാടനം അന്നത്തെ വിദ്യാഭ്യാസ ഇൻസ്പെക്ടർ ശ്രീമാൻ അഹമ്മദ് നിർമ്മിച്ചു.

അക്കാലത്ത് പ്രൈവറ്റ് മാനേജ്മെന്റ് സ്കൂളുകൾ ഗവൺമെന്റിലേക്ക് ഏറ്റെടുക്കുന്നതായുള്ള ഒരു പ്രഖ്യാപനം സർ.സി.പി.രാമസ്വാമി അവർകൾ നടത്തി. സ്കൂളുകൾ ഏറ്റെടുക്കുന്നതിനോടൊപ്പം അതിലെ സ്റ്റാഫിനേയും കൂടി എടുക്കണമെന്നുള്ള പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ശ്യാമളത്തോപ്പ് പിള്ളയാർകുളം എൽ.പി.സ്കൂൾ മാനേജ്മെന്റ് ഒരു ചക്രം കൈപ്പറ്റി ഗവൺമെന്റിന് സ്കൂൾ കൈമാറി. തുടർന്ന് അവസാനത്തെ മാനേജരും, ഹെഡ്മാസ്റ്ററുമായ ശ്രീമതി കമലമ്മ ടീച്ചർ, ശ്രീമാൻ ടെറി.ബി.ഗോമസ്, ചക്രപാണി സാർ തുടങ്ങിയവരുടെ അശ്രാന്തപരിശ്രമത്താൽ ഈ സ്കൂൾ യു.പി.എസ്. ആയി മാറുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങി.

ജീവിതത്തിന്റെ എല്ലാ തുറകളിലും ഉൾപ്പെട്ട ഒരു വലിയ ജനസഞ്ചയം ഈ വിദ്യാലയത്തിന്റെ സന്തതികളാണ്. പൂർവ്വവിദ്യാർത്ഥിയായ ശ്രീമാൻ ആനന്ദൻ അവർകൾ സ്കൂളിനുവേണ്ടി ആദ്യമായി ഒരു കമ്പ്യൂട്ടർ സംഭാവന നൽകി. ഇപ്പോഴും അദ്ദേഹം സ്കൂളിനുവേണ്ടി ധാരാളം സംഭാവനകൾ നൽകുന്നുണ്ട്. അതുപോലെ സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും ഇപ്പോഴും പങ്കെടുക്കുന്ന ഒരു പൂർവ്വവിദ്യാർത്ഥി സംഘടന ഈ സ്കൂളിന്റെ പിറകിലുണ്ട്.

## സ്കൂൾ കൈവരിച്ച നേട്ടങ്ങൾ

ഗവ:യു.പി.എസ്.പിള്ളയാർക്കുളം സ്കൂളിന് ധാരാളം പരിമിതികൾ ഉണ്ട്. സാമ്പത്തികമായും സാമൂഹികമായും വളരെ പിന്നോക്കാവസ്ഥയിൽ നിന്നും വരുന്ന കുട്ടികളാണ് നമ്മുടെ സ്കൂളിൽ പഠിക്കുന്നത്. ഈ സാഹചര്യത്തിൽ നിന്നും വരുന്ന കുട്ടികൾക്ക് മികച്ച പരിശീലനം നൽകി നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. 2019 - 20 അധ്യയനവർഷത്തിൽ കുട്ടികളെ കായികമേള, ശാസ്ത്രമേള, കലോത്സവം, പ്രവൃത്തി പരിചയമേള എന്നിവയിൽ പങ്കെടുപ്പിക്കുകയും, അഭിമാനപൂർവ്വമായ നേട്ടങ്ങൾ കൈവരിക്കുകയും ചെയ്തു 3-ാം ക്ലാസിലെ അഭിരാമിക്ക് Coconut shell product നിർമ്മാണത്തിൽ ഒന്നാം സ്ഥാനം കൈവരിച്ചു.

2020- 2021 അധ്യയനവർഷത്തിൽ കോവിഡ് മഹാമാരിയെ തുടർന്ന് സ്കൂളുകൾ അടച്ചിടുകയും ഓൺലൈൻ ക്ലാസ് ആരംഭിക്കുകയും ചെയ്തു. നമ്മുടെ സ്കൂളിൽ ഓൺലൈൻ ക്ലാസ് വളരെ മികച്ചതായിരുന്നു. മൊബൈൽ ഫോണിന്റെ അഭാവം കാരണം ഓൺലൈൻ ക്ലാസിൽ പങ്കെടുക്കാൻ കഴിയാത്ത കുട്ടികൾക്ക് പഞ്ചായത്തിൽ നിന്നും മൊബൈൽ ഫോൺ വിതരണം ചെയ്തു. നമ്മുടെ സ്കൂളിലെ കുട്ടികൾക്ക് മൊബൈൽ ഫോൺ ലഭിച്ചു. അതിനാൽ എല്ലാ കുട്ടികൾക്കും ക്ലാസിൽ പങ്കെടുക്കാൻ സാധിച്ചു.

2021 - 22 അധ്യയന വർഷത്തിൽ നവംബർ 1ന് സ്കൂളിൽ ക്ലാസ് ആരംഭിച്ചു. ആ വർഷം നടത്തിയ എൽ.എസ്.എസ്. പരീക്ഷയിൽ നമ്മുടെ സ്കൂളിന്റെ അഭിമാനമായ ഏയ്ഞ്ചൽ എസിന് എൽ.എസ്.എസ് ലഭിച്ചു നമ്മുടെ സ്കൂളിന്റെ മികച്ചനേട്ടങ്ങളിൽ ഒന്നാണ് ഇത്. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന ജൽ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് കവിതാ രചന, കഥാരചന എന്നീ മത്സരങ്ങളിൽ നമ്മുടെ കുട്ടികൾ മികച്ച നേട്ടം കൈവരിച്ചു.

വിജ്ഞാനോത്സവത്തിൽ കുട്ടികൾ നന്നായി പ്രവർത്തിനങ്ങൾ ചെയ്ത് സർട്ടിഫിക്കറ്റ് നേടാൻ സാധിച്ചു. ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ നടന്ന ശിൽപശാലയിൽ 10 കുട്ടികൾ പങ്കെടുത്തു.

സ്കൂൾ തല ആരോഗ്യവിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുന്ന ക്ലാസുകൾ കൗമാരപ്രായക്കാരായ കുട്ടികൾക്ക് വേണ്ടി സംഘടിപ്പിച്ചു. പെരുമാതുറ ഹെൽത്ത് സെന്ററിലെ എച്ച്.ഐ ശ്രീമതി മഞ്ജുവാണ് ക്ലാസ് കൈകാര്യം ചെയ്തത്.

## സ്കൂൾ കൈവരിച്ച നേട്ടങ്ങൾ

ഗവ:യു.പി.എസ്.പിള്ളയാർക്കുളം സ്കൂളിന് ധാരാളം പരിമിതികൾ ഉണ്ട്. സാമ്പത്തികമായും സാമൂഹികമായും വളരെ പിന്നോക്കാവസ്ഥയിൽ നിന്നും വരുന്ന കുട്ടികളാണ് നമ്മുടെ സ്കൂളിൽ പഠിക്കുന്നത്. ഈ സാഹചര്യത്തിൽ നിന്നും വരുന്ന കുട്ടികൾക്ക് മികച്ച പരിശീലനം നൽകി നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. 2019 - 20 അധ്യയനവർഷത്തിൽ കുട്ടികളെ കായികമേള, ശാസ്ത്രമേള, കലോത്സവം, പ്രവൃത്തി പരിചയമേള എന്നിവയിൽ പങ്കെടുപ്പിക്കുക യും, അഭിമാനപൂർവ്വമായ നേട്ടങ്ങൾ കൈവരിക്കുകയും ചെയ്തു 3-ാം ക്ലാസിലെ അഭിരാമിക്ക് Coconut shell product നിർമ്മാണത്തിൽ ഒന്നാം സ്ഥാനം കൈവരിച്ചു.

2020- 2021 അധ്യയനവർഷത്തിൽ കോവിഡ് മഹാമാരിയെ തുടർന്ന് സ്കൂളുകൾ അടച്ചിടുകയും ഓൺലൈൻ ക്ലാസ് ആരംഭിക്കുകയും ചെയ്തു. നമ്മുടെ സ്കൂളിൽ ഓൺലൈൻ ക്ലാസ് വളരെ മികച്ചതായിരുന്നു. മൊബൈൽ ഫോണിന്റെ അഭാവം കാരണം ഓൺലൈൻ ക്ലാസിൽ പങ്കെടുക്കാൻ കഴിയാത്ത കുട്ടികൾക്ക് പഞ്ചായത്തിൽ നിന്നും മൊബൈൽ ഫോൺ വിതരണം ചെയ്തു. നമ്മുടെ സ്കൂളിലെ കുട്ടികൾക്ക് മൊബൈൽ ഫോൺ ലഭിച്ചു. അതിനാൽ എല്ലാ കുട്ടികൾക്കും ക്ലാസിൽ പങ്കെടുക്കാൻ സാധിച്ചു.

2021 - 22 അധ്യയന വർഷത്തിൽ നവംബർ 1ന് സ്കൂളിൽ ക്ലാസ് ആരംഭിച്ചു. ആ വർഷം നടത്തിയ എൽ.എസ്.എസ്. പരീക്ഷയിൽ നമ്മുടെ സ്കൂളിന്റെ അഭിമാനമായ എയ്ഞ്ചൽ എസിന് എൽ.എസ്.എസ് ലഭിച്ചു നമ്മുടെ സ്കൂളിന്റെ മികച്ചനേട്ടങ്ങളിൽ ഒന്നാണ് ഇത്. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന ജൽ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് കവിതാ രചന, കഥാരചന എന്നീ മത്സരങ്ങളിൽ നമ്മുടെ കുട്ടികൾ മികച്ച നേട്ടം കൈവരിച്ചു.

വിജ്ഞാനോത്സവത്തിൽ കുട്ടികൾ നന്നായി പ്രവർത്തിനങ്ങൾ ചെയ്ത് സർട്ടിഫിക്കറ്റ് നേടാൻ സാധിച്ചു. ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ നടന്ന ശിൽപശാലയിൽ 10 കുട്ടികൾ പങ്കെടുത്തു.

സ്കൂൾ തല ആരോഗ്യവിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുന്ന ക്ലാസുകൾ കൗമാരപ്രായക്കാ രായ കുട്ടികൾക്ക് വേണ്ടി സംഘടിപ്പിച്ചു. പെരുമാതുറ ഹെൽത്ത് സെന്ററിലെ എച്ച്.ഐ ശ്രീമതി മഞ്ജുവാണ് ക്ലാസ് കൈകാര്യം ചെയ്തത്.

ഇന്നത്തെ കാലഘട്ടത്തിൽ ഐ.ടിക്ക് വളരെ പ്രാധാന്യമുണ്ട്. അതിനാൽ ഐ.ടി. അധിഷ്ഠിത വിദ്യാഭ്യാസം നൽകാൻ സാധിക്കുന്നു. ശാസ്ത്രചിന്ത, ശാസ്ത്രബോധം, ശാസ്ത്രനൈപുണ്യം, പാരിസ്ഥിതിക അവബോധം എന്നിവ വളർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങളും സജ്ജീകരിക്കുന്നു. സാമൂഹ്യ ശാസ്ത്രപഠനത്തെ മതേതര ജനാധിപത്യ ബോധം വികസിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്നു.

മലയാളം, ഹിന്ദി, ഇംഗ്ലീഷ്, ഗണിതം എന്നിവയുടെ വികസനത്തിനായി വിദ്യാരംഗം, ഹിന്ദി ക്ലബ്ബ്, ഇംഗ്ലീഷ് ക്ലബ്ബ്, ഗണിതക്ലബ്ബ് എന്നിവക്ക് രൂപം കൊടുത്തു.

2022 - 2023 അധ്യയനവർഷത്തിൽ പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ നിന്നും ലഭിച്ച വൃക്ഷതൈകൾ സ്കൂളിൽ വിതരണം ചെയ്യുകയും സ്കൂളിൽ നടുകയും ചെയ്തു.

കോവിഡാനന്തരം കുട്ടികളിൽ വന്ന പഠനവിടവ് നികത്താനായി അവലംബിച്ച വായനാചങ്ങാത്തം മെച്ചപ്പെട്ടതായിരുന്നു. കുട്ടികൾക്ക് വീട്ടിൽ ഗണിതമൂല ഒരുക്കാനും ഗണിതവുമായി ബന്ധപ്പെട്ട് സാമഗ്രികൾ സജ്ജമാക്കുകയും, സ്കൂളിൽ നിന്ന് വിതരണം ചെയ്ത ഗണിത കിറ്റുകൾ മുഖേന ഗണിതം ലളിതമാക്കാനും രസകരമാക്കാനും സാധിച്ചു.

വായനാചങ്ങാത്തവുമായി ബന്ധപ്പെടുത്തി '**അമ്മവായന**' പദ്ധതിയിൽ രക്ഷിതാക്കളുടെ സജീവ സാന്നിദ്ധ്യം ഉറപ്പാക്കാൻ സാധിച്ചു.

2023-2024 അധ്യായന വർഷത്തിൽ ഗവ: യു. പി.എസ്. പിള്ളയാർകുളം സ്കൂളിൽ എല്ലാ വിഷയങ്ങളിലും വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ നടന്നു. ഗണിതം - മധുരം, സുരീലി ഹിന്ദി, ഹലോ ഇംഗ്ലീഷ് എന്നീ പ്രവർത്തനങ്ങൾ വളരെ മികച്ചതായിരുന്നു. കുട്ടികളെ കായിക മേളയിൽ പങ്കെടുപ്പിച്ച് വിവിധ ഇനങ്ങളിൽ അഭിമാനകരമായ നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചു. കബഡിയിൽ അഭിനന്ദ് എസ്. ആറിന് ജില്ലയിൽ പങ്കെടുത്ത് എ ഗ്രേഡ് നേടാൻ സാധിച്ചു. ഏയ്ഞ്ചൽ. എസ്., ലോംഗ് ജമ്പിൽ ജില്ലയിൽ പങ്കെടുത്ത് എ ഗ്രേഡ് നേടി. ചെസ്സ് മത്സരത്തിൽ വൈഷ്ണവിന് ജില്ലയിൽ പങ്കെടുക്കാൻ കഴിഞ്ഞു. ശാസ്ത്രമേള, പ്രവർത്തി പരിചയമേള, കലോത്സവം എന്നിവയിൽ പങ്കെടുത്ത് നമ്മുടെ കുട്ടികൾക്ക് ധാരാളം നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചു. പ്രവർത്തി പരിചയമേളയിൽ ആറ്റിങ്ങൽ ഉപജില്ലയിൽ Beeads work ന് Second A Grade ദേവികയ്ക്ക്, Bamboo Product ആദിത്യ സജീവിന് എ ഗ്രേഡ് നേടാൻ സാധിച്ചു. എല്ലാ മത്സരങ്ങളിലും മികച്ച നേട്ടം കൈവരിക്കാൻ സാധിച്ചു.

വിദ്യാരംഗം കലാസാഹിത്യവേദിയുടെ വാങ്മയം ഭാഷ പ്രതിഭ പരീക്ഷ 2023-ൽ നമ്മുടെ സ്കൂളിലെ ഏയ്ഞ്ചൽ. എസിന് സംസ്ഥാന തലത്തിൽ എ ഗ്രേഡ് ലഭിച്ചത് അഭിമാനകരമായ നേട്ടമാണ്. USS, LSS പരീക്ഷയിൽ പരിശീലനം വളരെ നല്ലരീതിയിൽ നടക്കുന്നു.

2024 മാർച്ചിൽ നടത്തിയ USS പരീക്ഷയിൽ ഏയ്ഞ്ചൽ.എസ്, LSS പരീക്ഷയിൽ ഫെലിക്സ്. എസ്. എന്നിവർക്ക് സ്കോളർഷിപ്പ് ലഭിച്ചത് സ്കൂളിന്റെ ചരിത്രത്തിൽ ഒരു നായികകല്ലായി മാറി. ഇതിൽ ഏയ്ഞ്ചൽ. എസിനെ. ഗിഫ്റ്റഡ് സ്റ്റുഡന്റായി തെരഞ്ഞെടുത്തു.

ഉപജില്ലാ കലോത്സവത്തിൽ പങ്കെടുത്ത് ധാരാളം സമ്മാനങ്ങൾ നേടി സംസ്കൃതം നാടകത്തിന് ജില്ലയിൽ പങ്കെടുത്ത് എ ഗ്രേഡ് നേടാൻ സാധിച്ചു. ഹിന്ദി പ്രസംഗം അർണവിന് ജില്ലയിൽ First A Grade ലഭിച്ചു. RAA യുമായി ബന്ധപ്പെട്ട് സയൻസ് എക്സിബിഷൻ രക്ഷകർത്താക്കളുടെ വൻ പങ്കാളിത്തത്തോടെ നടത്തുകയുണ്ടായി. ചാന്ദ്രദിനവുമായി ബന്ധപ്പെട്ട് വാട്ടർ റോക്കറ്റ് കുട്ടിക

ളെ പരിചയപ്പെടുത്തി. പഠനത്തിൽ പിന്നോക്കം നിൽകുന്ന കുട്ടികൾക്കായി ഒന്ന് മുതൽ ഏഴ് വരെയുള്ള ക്ലാസ്സുകളിൽ പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിച്ചു. ബഡ്ഡിംഗ് റൈറ്റ്സിലൂടെ വായന പ്രോത്സാഹിപ്പിക്കുവാൻ കഴിഞ്ഞു. നവകേരളവുമായി ബന്ധപ്പെട്ട പഞ്ചായത്തിൽ നടത്തിയ ക്വിസ് മത്സരങ്ങളിൽ മികച്ച നേട്ടം കൈവരിച്ചു. സ്വയം പ്രതിരോധ പരിശീലനവുമായി യു.പി. ക്ലാസ്സിലെ കുട്ടികൾക്ക് കരാട്ടെ പരിശീലനം നൽകി അത് കുട്ടികൾക്ക് വളരെ പ്രയോജനമായിരുന്നു.

പ്രീപ്രൈമറിയിൽ സ്റ്റാർസ് പദ്ധതിയിലൂടെ സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിൽ എത്തിക്കാൻ സാധിച്ചു. ആട്ടവും പാട്ടും തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. എല്ലാ മാസവും 1 മുതൽ 7 വരെ ക്ലാസുകളിൽ യൂണിറ്റ് ടെസ്റ്റ് നടത്തിവരുന്നു 2024-2025 അദ്ധ്യായന വർഷത്തിൽ Helping Hand എന്ന പ്രവർത്തനത്തിലൂടെ കുട്ടികളുടെ പഠനവിടവ് നികത്താനുതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ തീരുമാനിച്ചു.

# ഭൗതികനേട്ടം

നൂറ് വർഷത്തിലധികം പാരമ്പര്യമുള്ള നിരവധി തലമുറകൾക്ക് വിദ്യാവെളിച്ചം നൽകിയ ഒരു വിദ്യാലയ മുത്തശ്ശിയാണ് നമ്മുടേത്. ഇന്നും പരിമിതികൾക്കുള്ളിൽപ്പെട്ട് നട്ടം തിരിയുന്ന ഈ വിദ്യാലയത്തിന് മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഒന്നും തന്നെ അവകാശപ്പെടാനില്ല. സാമ്പത്തികവും സാമൂഹികവുമായി പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശത്തെ കുട്ടികൾ പഠിക്കുന്ന വിദ്യാലയം എന്ന നിലയിൽ നമ്മുടെ വിദ്യാലയത്തിലെ ഭൗതിക സാഹചര്യങ്ങൾ ഇനിയും ധാരാളം മെച്ചപ്പെടേണ്ടതായിട്ടുണ്ട്.

ഭൗതികനേട്ടത്തിൽ കൂടുതൽ പ്രാധാന്യമർഹിക്കുന്നത് നമ്മുടെ പൂർവ്വ വിദ്യാർത്ഥികളുടെ സംഭാവനയാണ്. നമ്മുടെ സ്കൂളിലെ പൂർവ്വവിദ്യാർത്ഥിയായ പരേതനായ ശ്രീ.ആനന്ദ് സാറിന്റെ കുടുംബം വിദ്യാലയ ലൈബ്രറി സജ്ജീകരിക്കുന്നതിനാവശ്യമായ സഹായങ്ങൾ നൽകുകയുണ്ടായി. നമ്മുടെ സ്കൂളിലേക്ക് ലയൺസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ബോക്സും മൈക്ക് സെറ്റുംലഭിച്ചു. ലയൺസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ കസേരകൾ നൽകി. അതോടൊപ്പം വായന പരിപോഷിപ്പിക്കുന്നതിനായി എന്റെ പത്രം - കേരളകൗമുദി പത്രം സ്കൂളിലേക്ക് നൽകി. പൂർവ്വവിദ്യാർത്ഥികളുടെ കൂട്ടായ്മയായ ( ഒരുവട്ടം കൂടി) സംഘം സ്കൂളിന്റെ പുരോഗതിക്കായി സംഭാവന നൽകി. പി.റ്റി.എ അംഗങ്ങളുടെ സഹകരണത്തോട് കൂടി പ്രവേശനോത്സവം, ഓണാഘോഷം എന്നിവ വിപുലമായി ആഘോഷിച്ചു. എം.എൽ.എ. ഫണ്ടിൽ നിന്നും ലഭിച്ച വാഹനം കുട്ടികൾക്ക് വളരെ പ്രയോജനപ്രദമാണ്.

ചിറയിൻകീഴ് സർവ്വീസ് സഹകരണ ബാങ്ക് വായന പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂളിലേക്ക് 5 ദേശാഭിമാനി പത്രവും അതോടൊപ്പം ഒരു അലമാരയും സംഭാവന നൽകി. നമ്മുടെ സ്കൂളിലെ പൂർവ്വവിദ്യാർത്ഥിയായ ആർ.വി. ആശുപത്രിയിലെ ഡോക്ടർ .ബി.രാമചന്ദ്രൻ ഏകദേശം ഒരു ലക്ഷത്തോളം രൂപ ചെലവിട്ട് നമ്മുടെ പ്രധാന കെട്ടിടത്തിന്റെ വരാന്തയും സ്റ്റെയർകേസും ടൈലിട്ട് തന്നു. അതോടൊപ്പം ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് നമ്മുടെ സ്കൂളിലേക്ക് ഈ വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി ഒരു അടുക്കളയും ടോയിലറ്റ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ആരംഭിക്കുകയും അതിന്റെ നിർമാണ പ്രവൃത്തിന്റെ ഏതാനും ദിവസങ്ങൾക്കുള്ളിൽ തന്നെ ആരംഭിക്കുകയും ചെയ്യും. സ്കൂൾ പ്രവേശനോത്സവത്തോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിലേക്കായി നിരവധി വ്യക്തികളുടെ സംഭാവനകൾ ലഭിച്ചിട്ടുണ്ട്. അവരുടെ പേരുകൾ പരാമർശിക്കുന്നില്ല. അവരോടുള്ള നന്ദി ഈ അവസരത്തിൽ അറിയിക്കുന്നു. നമ്മുടെ വിദ്യാലയത്തിലെ പ്രഥമാധ്യാപകനായിരുന്ന ശ്രീ.ഇ.വി.വിജയൻ അദ്ദേഹത്തിന്റെ വ്യക്തിപരമായ താത്പര്യമെടുത്ത് നമ്മുടെ കുട്ടികൾക്ക് യോഗ പരിശീലനം നൽകുകയുണ്ടായി. അദ്ദേഹത്തോടുള്ള കടപ്പാട് ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു.

# ഭൗതികനേട്ടങ്ങൾ

2022-2023 അധ്യായനവർഷത്തിൽ ഗവ: യു. പി. എസ്. പിള്ളയാർകുളം സ്കൂളിൽ സ്റ്റാർസ് പദ്ധതിയുമായി ബന്ധപ്പെട്ട് പ്രീപ്രൈമറിയെ അന്താരാഷ്ട്ര നിലവാരത്തിൽ എത്തിക്കാൻ സാധിച്ചു. അന്താരാഷ്ട്രനിലവാരത്തിലുള്ള ക്ലാസ് റൂമുകൾ സജ്ജമാക്കുകയും അതിലേക്ക് ആവശ്യമായ കളി ഉപകരണങ്ങൾ, പാഠ സാമഗ്രികൾ, കളിയരങ്ങിന് വേണ്ടിയുള്ള സ്റ്റേജ് എന്നിവ ക്രമീകരിച്ചു. കുട്ടികളുടെ മാനസിക ഉല്ലാസത്തിനായി വർണ്ണകൂടാരം നിർമ്മിച്ചു. വളരെ കാലത്തെ പരിശ്രമത്തിന്റെ ഫലമായി സ്കൂളിന് ചുറ്റു മതിലും ഗേറ്റും നിർമ്മിക്കാൻ സാധിച്ചു. സ്ഥലപരിമിതി ഉണ്ടായിരുന്ന പഴയ അടുക്കളയ്ക്ക് പകരം പുതിയ അടുക്കള നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചു. ആധുനിക സജീകരണങ്ങളോട് കൂടിയ പുതിയ ടോയിലറ്റ് കോംബ്ലക്സ് നിർമ്മിച്ചു കുട്ടികൾക്ക് കൈ കഴുകുന്നതുമായി ബന്ധപ്പെട്ട് പൈപ്പുകൾ സ്ഥാപിച്ചു. മഴയത്ത് സുഗമമായി പോകുന്നതിനായി ഇന്റർലോക് സ്ഥാപിച്ചു. പഞ്ചായത്തിൽ നിന്നും കിട്ടികൾക്ക് ആവശ്യമായ മേശ, കസേര എന്നിവ ലഭിച്ചു.

# പരിമിതികൾ

അന്താരാഷ്ട്രനിലവാരത്തിലേക്ക് എത്തിച്ചേരുക എന്ന ലക്ഷ്യം മുൻനിർത്തി സഞ്ചരിക്കുന്ന നമ്മുടെ വിദ്യാലയത്തിന് നിരവധി പരിമിതികൾ ഉണ്ട് അവ അടിയന്തിരമായി പരിഹരിക്കുന്നതിനുള്ള പരിശ്രമത്തിലാണ് ഇതിന് ആവശ്യമായ സഹായം രക്ഷിതാക്കളിൽനിന്നും പൊതുസമൂഹത്തിൽനിന്നും അധികാരികളിൽനിന്നും ലഭിക്കേണ്ടതുണ്ട്.

1. ഐ.റ്റി പഠനത്തിന് ആവശ്യമായ കമ്പ്യൂട്ടറുകൾ
2. പുതിയ കെട്ടിടങ്ങൾ - ആറ് ക്ലാസ് മുറികളുള്ള കെട്ടിടം
3. കമ്പ്യൂട്ടർ ലാബ് (സ്ഥലപരിമിതി കാരണം ഇല്ലാത്തത്)
4. ശാസ്ത്രലാബ് (സ്ഥലപരിമിതി കാരണം ഇല്ലാത്തത്)
5. ഭക്ഷണശാല
6. കുട്ടികളുടെ കായികശേഷി വികസിപ്പിക്കുന്നതിന് ആവശ്യമായ സ്കൂൾ ഗ്രൗഡ്
7. വാഹന ഷെഡ്
8. ജൈവവൈവിധ്യ പാർക്ക്
9. സ്കൂളും പരിസരവും ഇന്റർലോക് പാകി ആകർഷകമാക്കൽ


നമ്മുടെ സ്കൂളിൽ ക്ലാസ് മുറികളുടെ അഭാവം കാരണം കമ്പ്യൂട്ടർ ലാബ്, ലൈബ്രറി എന്നിവ സജ്ജീകരിക്കാൻ സാധിക്കുന്നില്ല. ആറ് ക്ലാസ് മുറികളുള്ള ഒരു പുതിയ കെട്ടിടം നമ്മുടെ സ്കൂളിന് വളരെ അത്യാവശ്യമാണ്. സ്ഥലപരിമിധി ഉള്ളത്കൊണ്ട് ശാസ്ത്രലാബ് സജ്ജമാക്കാൻ സാധിക്കുന്നില്ല. സ്കൂൾബസ് പാർക്ക് ചെയ്യാൻ സ്കൂളിൽ സൗകര്യമില്ല. അതിനാൽ വാഹനഷെഡ് വളരെ അത്യാവശ്യമാണ്.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ജി.യു.പി.എസ്.പിള്ളയാർകുളം |
| വിലാസം | : | കടകം.പി.ഒ., ചിറയിൻകീഴ് |
| ഫോൺ | : | 0470 - 2642665 |
| സ്കൂൾ കോഡ് | : | 42360 |
| വിദ്യാഭ്യാസ ഉപജില്ല | : | ആറ്റിങ്ങൽ |
| വിദ്യാഭ്യാസജില്ല | : | ആറ്റിങ്ങൽ |
| റവന്യൂജില്ല | : | തിരുവനന്തപുരം |
| ബി.ആർ.സി | : | ആറ്റിങ്ങൽ |
| സി.ആർ.സി. | : | പാലവിള |
| ഗ്രാമപഞ്ചായത്ത് | : | ചിറയിൻകീഴ് |
| ബ്ലോക്ക് പഞ്ചായത്ത് | : | ചിറയിൻകീഴ് |
| ലോകസഭാമണ്ഡലം | : | ആറ്റിങ്ങൽ |
| താലൂക്ക് | : | ചിറയിൻകീഴ് |
| വില്ലേജ് | : | ശാർക്കര |
| ഇ.മെയിൽ | : | gupspillayarkulam@gmail.com |

# ഗവ: യു.പി.എസ്.

## പിള്ളയാർകുളം, കടകം



# അക്കാദമിക് മാസ്റ്റർപ്ലാൻ

## 2025-2026



# അക്കാദമിക് മാസ്റ്റർപ്ലാൻ 2025-2026

## ആമുഖം

2025 - 26 അധ്യായന വർഷത്തിൽ ഒന്നു മുതൽ നാലു വരെയുള്ള ക്ലാസിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളിക്കുന്നതും തുല്യതയും ഗുണനിലവാരം ഉള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുകയും ചെയ്യുക എന്ന ദൗത്യം പൂർത്തീകരിക്കുന്നതിന് വേണ്ടി തയ്യാറാക്കിയ കർമ്മപദ്ധതിയുടെ രൂപരേഖയാണിത്. ഭാഷ, പരിസരപഠനം, ഗണിതം, കലാ കായികം, പ്രവർത്തിപരിചയം, ICT എന്നീ വിഷയങ്ങൾക്ക് പ്രാധാന്യം നൽകുന്ന കർമ്മ പദ്ധതി രക്ഷിതാക്കളുടെ സജീവമായ പിന്തുണ ഉറപ്പാക്കുന്ന വിധത്തിലാണ് രൂപകല്പന ചെയ്തിട്ടുള്ളത്. കുട്ടികളിലെ പഠനവിടവുകൾ നികത്തുക പഠന പ്രവർത്തനങ്ങൾ കൂടുതൽ ആസ്വാദ്യമാക്കുക ഇംഗ്ലീഷ് ഭാഷ നൈപുണി വളർത്തുക സ്വയം ഏറ്റെടുക്കൽ മനോഭാവം വളർത്തുക സ്വയം വിലയിരുത്തൽ പരസ്പര വിലയിരുത്തൽ വിദ്യാലയത്തെ വിലയിരുത്തൽ പഠന പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെയും പൊതുസമൂഹത്തിന്റെയും പങ്കാളിത്ത ഉറപ്പുവരുത്തൽ തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾക്കൊള്ളിക്കുന്നു.

# മലയാളം

## വായനശേഷി വികസിപ്പിക്കൽ

- ക്ലാസ് ലൈബ്രറി സജ്ജീകരണം
- അക്ഷരക്കാർഡ്, പദകാർഡ്, വായനകാർഡ് നിർമ്മാണം, വായന
- അമ്മ വായന
- ക്ലാസ് പത്രവായന
- പുസ്തക പരിചയം
- ഭാവാത്മക വായന
- വായനാമത്സരം
- ആസ്വാദനക്കുറിപ്പ്

## എഴുത്ത് പരിപോഷിപ്പിക്കൽ

- സചിത്ര ബുക്ക്
- സംയുക്ത ഡയറി എഴുത്ത്
- സാങ്കൽപ്പിക ഡയറി
- രചന പരിചയക്കുറപ്പ്
- വരികൾ കൂട്ടിച്ചേർക്കൽ
- സർഗാത്മക രചനകൾ
- കത്ത് തയ്യാറാക്കൽ
- നിവേദനം തയ്യാറാക്കൽ
- ജീവചരിത്രക്കുറിപ്പ്
- അമ്മ വായന എഴുത്ത്
- യാത്രാവിവരണം

## സർഗാത്മകതയെ പരിപോഷിപ്പിക്കൽ

- ഈണം, താളം, ഭാവം എന്നിവ ഉൾക്കൊണ്ട് സജീവ പങ്കാളിത്തത്തോടെ ഉള്ള അവതരണം
- വരികൾ കൂട്ടിച്ചേർത്ത് ആലപിക്കുന്നു
- ഗാനരചന
- ചോദ്യോത്തര പാട്ട്
- സർഗ്ഗ വേദി
- കാവ്യോത്സവം
- ദൃശ്യാവിഷ്കാരം
- നാടകം
- റോൾപ്ലേ
- സ്കിറ്റ്

## ശേഖരണം

- പഴഞ്ചൊല്ല്
- കടങ്കഥ
- വായ്ത്താരികൾ
- കലാരൂപങ്ങൾ
- നാടൻ പാട്ടുകൾ
- മഴച്ചിത്രങ്ങൾ

## ആൽബം തയ്യാറാക്കൽ

- പതിപ്പ് നിർമ്മാണം
- ചുമർപത്രിക
- കൃഷിപ്പാട്ട്

## മേളകൾ

- ഭക്ഷണ മേള
- പാനീയമേള
- പലഹാരം മേള

## വരയുത്സവം

- പാഠഭാഗത്തെ കഥകളെയും കവിതകളെയും ചിത്രരൂപത്തിലാക്കൽ കണ്ട കാഴ്ചകൾ
- കഥ,കവിത എന്നിവയ്ക്ക് അനുയോജ്യമായ ചിത്രങ്ങൾ വരച്ചു ചേർക്കൽ



# ENGLISH

## LISTENING SKILL

- Listening stories and poems
- Language games
- Using simple English for answering interaction questions
- Express thought and feelings in simple language
- Riddles
- Action songs

## SPEAKING SKILLS

- Skit
- Role play
- Conversation
- Self introduction

## READING SKILLS

- Newspaper reading
- Library books reading
- Book review
- Reading breaking news
- Find words
- Rhyming words
- Describing words
- Textbook activities

**WRITING SKILLS**

- Make word web
- Description
- Word chain
- Sentence chain
- Make words and sentences
- Make riddles
- Conversations
- Add more lines
- Develop story
- Description
- Notice
- Proclamation
- Diary
- Letter
- Announcement
- Magazine



# ഗണിതം

## ഗണിതത്തോടുള്ള ആഭിമുഖ്യം വളർത്തൽ

- ഗണിത മൂല
- ഗണിത കിറ്റ്
- ഗണിതകേളികൾ
- ഡൈസ് കളി
- ഡോമിനോ
- അബാക്കസ്
- ഗണിത പാട്ട്
- ഗണിത പസിൽ
- ഗണിത അസംബ്ലി

## ജ്യാമിതീയ രൂപങ്ങളെ അടുത്തറിയാൻ

- ജ്യാമിതീയരൂപങ്ങൾ തിരിച്ചറിയുന്നു.
- ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് ചിത്രം വരയ്ക്കുന്നു
- ടാൻഗ്രാം
- വെജിറ്റബിൾ പ്രിന്റിംഗ്

## ചതുഷ്ക്രിയകൾ ഉറപ്പിക്കൽ

- ക്ലാസ്സിൽ ഒരു കട
- സംഖ്യകളെ കൂട്ടങ്ങളാക്കൽ
- കുട്ടികളുടെ ബാങ്ക്
- ഗണിത കളികൾ
- പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം

## നിർമ്മാണം


- സംഖ്യ കാർഡുകൾ
- സ്ട്രിപ്പുകൾ
- ക്ലാസിൽ ഒരു കലണ്ടർ
- കമ്പുകൾ
- തോരണം
- സ്കെയിൽ

## വിവിധ തരത്തിലുള്ള അളവ് തൂക്കങ്ങൾ മനസ്സിലാക്കുന്നു

- കുട്ടിയുടെ നീളം, തൂക്കം എന്നിവ കണ്ടെത്തുന്നു
- അളവുകൾ ഊഹിച്ചു കണ്ടെത്തുന്നു
- അളന്നു കണ്ടെത്തുന്നു
- വ്യത്യസ്ത അളവ് ഉപകരണങ്ങൾ നിർമ്മിക്കുന്നു

## ശില്പശാല

- ഗണിത പതിപ്പ്
- ഗണിതവുമായി ബന്ധപ്പെട്ട പഠനോപകരണ നിർമ്മാണം
- അമ്മ വായന എഴുത്ത്
- യാത്രാവിവരണം



# പരിസര പഠനം

## പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക

- ജൈവവൈവിധ്യ ഉദ്യാനം തയ്യാറാക്കുക
- സ്കൂൾ പൂന്തോട്ടം നിർമ്മാണം, പരിപാലിക്കൽ
- വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ
- സ്കൂളിൽ പച്ചക്കറിത്തോട്ട നിർമ്മാണം
- പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടീൽ, നട്ട വൃക്ഷത്തൈ പരിപാലിക്കൽ

## ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക

- ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുക
- പരിസ്ഥിതിയെ അടുത്തറിയുക
- ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു

## കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക

- ദിനകൃത്യങ്ങളെക്കുറിച്ച് ബോധം കൊടുക്കുക
- വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവ ഉറപ്പിക്കുക
- പരിസര മലിനീകരണം മൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ കണ്ടെത്തുന്നു
- പരിസര സംരക്ഷണ പ്രതിജ്ഞ
- പോസ്റ്ററുകൾ
- തയ്യാറാക്കുക

## നിരീക്ഷണം

- പക്ഷി നിരീക്ഷണം
- ലഘുപരീക്ഷണം
- പരിസര നിരീക്ഷണം
- ഭൂപട നിരീക്ഷണം
- വാനനിരീക്ഷണം

## ശേഖരണം

- തൂവൽ ശേഖരണം
- ഇലകളുടെ ശേഖരണം
- കലാരൂപങ്ങൾ
- സ്വാതന്ത്ര്യസമരസേനാനികളുടെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക

## നിർമ്മാണം

- പോസ്റ്റർ
- പ്ലക്കാർഡ്
- ചുമർപത്രിക
- പതിപ്പ്
- ആൽബം നിർമ്മാണം

## കുട്ടികളിൽ രാജ്യസ്നേഹം വളർത്തുക

- ഭൂപട നിരീക്ഷണം
- സംസ്ഥാനങ്ങൾ, ജില്ലകൾ, അതിർത്തികൾ, കണ്ടെത്തുന്നു
- വിവിധ ഭാഷകൾ പരിചയപ്പെടുന്നു
- ദേശീയ ചിഹ്നങ്ങൾ തിരിച്ചറിയുന്നു
- പ്രാദേശിക ചരിത്രരചന
- സ്വാതന്ത്ര്യ സമരങ്ങളെ കുറിച്ചും സ്വാതന്ത്രസമരസേനാനികൾ നൽകിയ സംഭാവനകളെ കുറിച്ചും മനസ്സിലാക്കുന്നു (ICT ഉപയോഗിച്ച്)



# ഗവ: യു.പി.എസ്.

## പിള്ളയാർകുളം, കടകം

# അക്കാദമിക് മാസ്റ്റർപ്ലാൻ

# യു. പി. വിഭാഗം



# UP ENGLISH

## MASTER PLAN 2024-25

| AIM | ACTIVITY | DURATION | CLASS | DUTY |
|---|---|---|---|---|
| 1) Listening activ ities to improve English proficiency in UP Students | a) Listen and follow directions | June | 5,6,7 | English Teacher |
| | b) Song and Rhyme time | June - July | 5,6,7 | English Teacher |
| | c) Practice conversation through role- playing | June - July | 5,6,7 | English Teacher |
| | d) Hello English activities | June - July | 5,6,7 | English Teacher |
| 2) Reading Activities | a) Guided reading (teacher - student reading) | 1 Year | 5,6,7 | English Teacher |
| | b) Independent reading (Students read silently) | 1 Year | 5,6,7 | English Teacher |
| | C) Reading aloud (Students take turn reading) | 1 Year | 5,6,7 | English Teacher |
| | d) Reading Buddy:<br>Students pair up to read together | 1 Year | 5,6,7 | English Teacher |
| | e) Visualizing create mental images while reading | 1 Year | 5,6,7 | English Teacher |
| | f) Reading scavenger Hunt:<br>Find and read specifie words or phrases | July | 5,6,7 | English Teacher |
| | g) Summarizing retell the main points of a text | August | 5,6,7 | English Teacher |
| | h) Newspaper reading | September | 5,6,7 | English Teacher |
| | i) Book review | January | 5,6,7 | English Teacher |

| AIM | ACTIVITY | DURATION | CLASS | DUTY |
|---|---|---|---|---|
| 3) Speaking activities | a) Role plays | June July | 5,6,7 | English Teacher |
| | b) Show and Tell (Encourages vocabulary and fluency | July August | 5,6,7 | English Teacher |
| | c) Group discussions | August | 5,6,7 | English Teacher |
| | d) Debate | August | 5,6,7 | English Teacher |
| | e) Picture Description | August | 5,6,7 | English Teacher |
| | f) Charades: Act out a word or phrase without speaking | June August | 5,6,7 | English Teacher |
| | g) Story telling | September | 5,6,7 | English Teacher |
| | h) Word Association Game Take turns saying a word related to previous word | 1 Year | 5,6,7 | English Teacher |
| 4) Writing activities | a) Creative writing (eg. Poem, Story) | June – December | 5,6,7 | English Teacher |
| | b) Make word web | June – March | 5,6,7 | English Teacher |
| | c) Poster writing | August | 5,6,7 | English Teacher |
| | d) Conversations | June - March | 5,6,7 | English Teacher |
| | e) E mail | July | 5,6,7 | English Teacher |
| | f) Self reporting form | July | 5,6,7 | English Teacher |

| AIM | ACTIVITY | DURATION | CLASS | DUTY |
|---|---|---|---|---|
| 3) Speaking activities | a) Role plays | June July | 5,6,7 | English Teacher |
| | b) Show and Tell (Encourages vocabulary and fluency | July August | 5,6,7 | English Teacher |
| | c) Group discussions | August | 5,6,7 | English Teacher |
| | d) Debate | August | 5,6,7 | English Teacher |
| | e) Picture Description | August | 5,6,7 | English Teacher |
| | f) Charades: Act out a word or phrase without speaking | June August | 5,6,7 | English Teacher |
| | g) Story telling | September | 5,6,7 | English Teacher |
| | h) Word Association Game Take turns saying a word related to previous word | 1 Year | 5,6,7 | English Teacher |
| 4) Writing activities | a) Creative writing (eg. Poem, Story) | June – December | 5,6,7 | English Teacher |
| | b) Make word web | June – March | 5,6,7 | English Teacher |
| | c) Poster writing | August | 5,6,7 | English Teacher |
| | d) Conversations | June - March | 5,6,7 | English Teacher |
| | e) E mail | July | 5,6,7 | English Teacher |
| | f) Self reporting form | July | 5,6,7 | English Teacher |

| AIM | ACTIVITY | DURATION | CLASS | DUTY |
|---|---|---|---|---|
| | g) Develop story from pictures | September | 5,6,7 | English Teacher |
| | h) Letter writing | June<br>March | 5,6,7 | English Teacher |
| | i) Thoughts | June<br>March | 5,6,7 | English Teacher |
| | j) Speech | January | 5,6,7 | English Teacher |
| | k) Diary | June<br>March | 5,6,7 | English Teacher |
| 5) Vocabulary Building | a) Word Puzzles | June | 5,6,7 | English Teacher |
| | b) Acting out words | July | 5,6,7 | English Teacher |
| | c)"Word of the Day" routine | October | 5,6,7 | English Teacher |
| | d) Rearrange letters to form vocabulary words | June<br>July | 5,6,7 | English Teacher |
| 6) English Activities | a) English- Class Magazine | January<br>March | 5,6,7 | English Teacher |
| | b) Run Baby Run-A Chart with some words are exhibited. Students are asked to write those words into another chart without errors. | December | 5,6,7 | English Teacher |
| | c) English Fest | January<br>March | 5,6,7 | English Teacher |
| | d) English language presentations | January<br>March | 5,6,7 | English Teacher |
| | e) English language games | June<br>March | 5,6,7 | English Teacher |

| ശാസ്ത്രം | | | | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ് | ഭൗതിക സാഹചര്യങ്ങൾ/ഉപകരണങ്ങൾ | പിന്തുണ |
| 1 | കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ശാസ്ത്രപരമായ നേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക. | ➢ ചുറ്റുപാടുമുള്ള ജീവികളുടെ ചലനം<br>➢ ആഹാരരീതി, സഞ്ചാരം, വാസസ്ഥലം, ശാരീരിക പ്രത്യേകതകൾ, ആഹാരസമ്പാദന രീതികൾ എന്നിവയുടെ നിരീക്ഷമവും വർഗ്ഗീകരണവും<br>➢ സസ്യങ്ങളുടെ പ്രത്യേകതകൾ - ഇലകളിലെ സിരാവിന്യാസം, വിത്തുകളുടെ പ്രത്യേകത വിത്തുവിതരണം എന്നിവയുടെ നിരിക്ഷണവും വർഗ്ഗീകരണവും<br>➢ മണ്ണ് നിരീക്ഷണം, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ | 2 മാസം | | ➢ ചിത്രങ്ങൾ<br>➢ പരീക്ഷണോപകരണങ്ങൾ<br>➢ ശേഖരണങ്ങൾ<br>➢ പ്രൊജക്ട് റിപ്പോർട്ട്<br>➢ ആൾബം<br>➢ പോസ്റ്റർ<br>➢ ശാസ്ത്ര പ്രദർശനങ്ങൾ<br>➢ ഡോക്ടർമാർ | SRG<br>SSG<br>BRC |
| 2 | ശാസ്ത്രത്തിന്റെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക. | ➢ ചിത്രവായന<br>➢ പോസ്റ്റർ നിർമ്മാണം<br>➢ ചിത്രരചന<br>➢ ഇല, വേര്, വിത്ത് ശേഖരണം<br>➢ ലഘു പരീക്ഷമങ്ങളിൽ ഏർപ്പെടൽ<br>➢ ആൽബം തയ്യാറാക്കൽ<br>➢ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ<br>➢ ഡോക്ടറുമായുള്ള അഭിമുഖം | | | ➢ ചിത്രങ്ങൾ<br>➢ പോസ്റ്റർ<br>➢ സി.ഡി<br>➢ പരീക്ഷണോപകരണങ്ങൾ<br>➢ ശാസ്ത്ര പ്രദർശനങ്ങൾ | SRG<br>SSG<br>BRC<br>PTA |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ് | ഭൗതിക സാഹചര്യങ്ങൾ/ഉപകരണങ്ങൾ | പിന്തുണ |
|---|---|---|---|---|---|---|
| 3 | ശാസ്ത്ര ചിന്ത, ശാസ്ത്രബോധം ശാസ്ത്രനൈപുണി, അന്വേഷണത്വര ഇവ എല്ലാകുട്ടികളിലും വികസിപ്പിക്കുക. | ➢ ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രങ്ങൾ പരിചയപ്പെടുത്തൽ കുറിപ്പ് തയ്യാറാക്കൽ<br>➢ ശാസ്ത്രകഥകൾ ശാസ്ത്രകവിതകൾ ഇവ ആസ്വദിക്കൽ<br>➢ ശാസ്ത്രജ്ഞന്മാരുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കൽ<br>➢ പദാർത്ഥത്തിന്റെ വിവിധ അവസ്ഥകൾ പട്ടികപ്പെടുത്തൽ<br>➢ ഭക്ഷ്യവസ്തുക്കളുടെ തരംതിരിക്കൽ<br>➢ രോഗങ്ങളും അവ പരത്തുന്ന ജീവികളും കണ്ടെത്തൽ വർഗ്ഗീകരിക്കൽ<br>➢ നക്ഷത്ര നിരീക്ഷണം, ആകാശഗോളങ്ങൾ പരിചയപ്പെടൽ<br>➢ ലഘുപരീക്ഷണങ്ങൾ | | | ജീവചരിത്ര പുസ്തകങ്ങൾ<br>കവിതകൾ<br>കഥകൾ<br>ലേഖനങ്ങൾ<br>പരീക്ഷണോപകരണങ്ങൾ<br>വർത്തമാന പത്രങ്ങൾ | SRG<br>SSG<br>BRC<br>PTA |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ് | ഭൗതിക സാഹചര്യങ്ങൾ/ഉപകരണങ്ങൾ | പിന്തുണ |
|---|---|---|---|---|---|---|
| 3 | ശാസ്ത്ര ചിന്ത, ശാസ്ത്രബോധം ശാസ്ത്രനൈപുണി, അന്വേഷണത്വര ഇവ എല്ലാകുട്ടികളിലും വികസിപ്പിക്കുക. | ➢ ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രങ്ങൾ പരിചയപ്പെടുത്തൽ കുറിപ്പ് തയ്യാറാക്കൽ<br>➢ ശാസ്ത്രകഥകൾ ശാസ്ത്രകവിതകൾ ഇവ ആശ്വദിക്കൽ<br>➢ ശാസ്ത്രജ്ഞന്മാരുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കൽ<br>➢ പദാർത്ഥത്തിന്റെ വിവിധ അവസ്ഥകൾ പട്ടികപ്പെടുത്തൽ<br>➢ ഭക്ഷ്യവസ്തുക്കളുടെ തരംതിരിക്കൽ<br>➢ രോഗങ്ങളും അവ പരത്തുന്ന ജീവികളും കണ്ടെത്തൽ വർഗ്ഗീകരിക്കൽ<br>➢ നക്ഷത്ര നിരീക്ഷണം, ആകാശഗോളങ്ങൾ പരിചയപ്പെടൽ<br>➢ ലഘുപരീക്ഷണങ്ങൾ | | | ജീവചരിത്ര പുസ്തകങ്ങൾ<br>കവിതകൾ<br>കഥകൾ<br>ലേഖനങ്ങൾ<br>പരീക്ഷണോപകരണങ്ങൾ<br>വർത്തമാന പത്രങ്ങൾ | SRG<br>SSG<br>BRC<br>PTA |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ് | ഭൗതിക സാഹചര്യങ്ങൾ/ഉപകരണങ്ങൾ | പിന്തുണ |
|---|---|---|---|---|---|---|
| | | ➢ ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങളും സെമിനാറുകളും<br>➢ ഇന്ത്യയിലെ സ്പേസ്പര്യവേഷണം<br>➢ പ്രോജക്ട് (ഊർജ്ജ സംരക്ഷണം, മണ്ണൊലിപ്പ്)<br>➢ ആൽബങ്ങൾ<br>➢ ക്വിസ്<br>➢ പോസ്റ്റർ നിർമ്മാണം<br>➢ പതിപ്പ് നിർമ്മാണം<br>➢ ശാസ്ത്രജ്ഞന്മാരുടെ<br>➢ ചിത്രം ശേഖരിക്കൽ | | | | |

## മേഖല – ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ് | കാലദൈർഘ്യം | ചുമതല | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|---|
| ➢ കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക<br>➢ ചുറ്റുപാടുകളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കാൻ കഴിയുക<br>➢ ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കുകയും പ്രയോഗിക്കുകയും ചെയ്യുക<br>➢ പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | എ.സിടി സാധ്യത പ്രയോജനപ്പെടുത്തൽ<br><br>പരീക്ഷണങ്ങൾ<br>ഒന്നു മുതൽ 7 വരെയുള്ള<br>ക്ലാസുകളിലെ പാഠഭാഗവു<br>മായി ബന്ധപ്പെട്ടതും മറ്റ് ലഘുപരീക്ഷണങ്ങളും<br><br>സ്കൂൾ അങ്കണത്തിലൊരുബട്ടർഫ്ളൈ പാർക്ക്<br>ഔഷധത്തോട്ടനിർമ്മാണം<br>ഔഷധ സസ്യങ്ങളെക്കുറിച്ചുള്ള അവബോധം കുട്ടികളിലേക്കും സമൂഹത്തിലേക്കും എത്തിക്കുക എന്ന ഉദ്ദേശത്തോടെ ഔഷധത്തോട്ട നിർമ്മാണം അതിനായി സ്ഥലം ഒരുക്കൽ. ഔഷധ സസ്യ ശേഖരണം തൈ നടീൽ, പരിചരണം എന്നിങ്ങനെ എല്ലാ ഘട്ടങ്ങളിലൂടെയും കുട്ടികടന്നു പോകുന്നു. ഈ പ്രവർത്തനം സ്കൂളിൽ മാത്രമല്ല വീട്ടിലും | | | | | |

| ലക്ഷ്യങ്ങൾ | പ്രവർത്തനം | ക്ലാസ് | കാലദൈർഘ്യം | ചുമതല | സാമ്പത്തികം | പിന്തുണ |
| --- | --- | --- | --- | --- | --- | --- |
| | കുട്ടിക്ക് ചെയ്യാനുള്ള മനോഭാവം ഉണ്ടാക്കാനും ലക്ഷ്യമിടുന്നു. 4-ാം ക്ലാസ്സിലെ ഉലയ്ക്കുമുണ്ട് പറയാൻ, മൂന്നാം ക്ലാസ്സിലെ പൂത്തും തളിർത്തും, 5-ാം ക്ലാസ്സിലെ സസ്യലോകത്തെ അടുത്തറിയാം, എന്നീ പാഠഭാഗങ്ങൾക്ക് വളരെയധികം പ്രയോജനപ്പെടുന്നതാണ്.<br><br>**<u>ഔഷധസസ്യപതിപ്പ്</u>**<br>ഔഷധസസ്യങ്ങളുടെ ശാസ്ത്രീയ നാമം, അതിന്റെ വളർച്ചയ്ക്കാവശ്യമായ സാഹചര്യം, അതിന്റെ പ്രത്യേകതകൾ, ഉപയോഗങ്ങൾ, ലഭ്യമായ ചിത്രങ്ങൾ എന്നിവ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കുന്നു.<br><br>**<u>ശാസ്ത്രീയ നാമം കാർഡ്</u>**<br>ഓരോ ഔഷധ സസ്യങ്ങളിലും അവയുടെ ശാസ്ത്രീയ നാമം ഫാമിലി എന്നിവ രേഖപ്പെടുത്തിയ കാർഡുകൾ പ്രദർശിപ്പിക്കുന്നു.<br><br>**<u>ശാസ്ത്ര അരങ്ങ്</u>**<br>ഓരോ ആഴ്ചയിലും ശാസ്ത്രവുമായി ബന്ധപ്പെട്ട കഥകൾ, ശാസ്ത്രലേഖനങ്ങൾ, ശാസ്ത്രജ്ഞൻമാരുടെ ലഘു ജീവചരിത്രക്കുറിപ്പ് അവതരണം ശാസ്ത്രനാടകങ്ങൾ അവതരിപ്പിക്കാൻ അവസരം | 1-7 | 1 വർഷം | സയൻസ് ക്ലബ്ബ് | | |

| ലക്ഷ്യങ്ങൾ | പ്രവർത്തനം | ക്ലാസ് | കാലദൈർഘ്യം | ചുമതല | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|---|
| ശാസ്ത്രത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണതയിൽ എത്തിക്കുക | സയൻസ് ഫെസ്റ്റ്<br>ക്വിസ്<br>ശാസ്ത്രനാടകം<br>ശാസ്ത്രലേഖനങ്ങൾ<br>രചന<br><br>പ്രദർശനം<br>ശാസ്ത്രദിനാചരണങ്ങൾ<br>ശാസ്ത്രവുമായി ബന്ധപ്പെട്ട ദിവസങ്ങൾ പരിസ്ഥിതി ദിനം, ഓസോൺ ദിനം തുടങ്ങിയ സ്കൂളിൽ ആചരിക്കുന്നതിന് വേണ്ട വിവിധ പ്രവർനങ്ങൾ നൽകുന്നു. | | | | | |
| ശാസ്ത്ര അവബോധത്തിൽ പരിമിതിയുള്ള കുട്ടികളെ കണ്ടെത്തി പിന്തുണ നൽകുന്നു. | ദിനാചരണം സ്കൂൾ അസംബ്ലിയിൽ അവതരണം. ദിനാചരണവുമായി ബന്ധപ്പെടുത്തി പതിപ്പ്, പോസ്റ്റർ, ചുവർപത്രിക, ക്വിസ് എന്നിവ സംഘടിപ്പിക്കുന്നു. | | | | | |
| കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ശാസ്ത്രപഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജിക്കും | പ്രകൃതി നടത്തം<br>(Field trip)<br>ചുറ്റുപാടുമുള്ള സസ്യങ്ങളെ നിരീക്ഷിച്ച് അവയുടെ പേരുകൾ പറയാനും രേഖപ്പെടുത്താനും അവസരം നൽകുന്നു.<br>➢ സസ്യങ്ങളെ നിരീക്ഷിച്ച് അവയുടെ വലുപ്പം, പ്രത്യേകത, കാണ്ഡത്തിന്റെ പ്രത്യേകത എന്നിങ്ങനെ തരം തിരിച്ച് പട്ടികപ്പെടുത്തുന്നു. ഇലകളുടെ ആകൃതി തിരിച്ചറിയുന്നു.<br>ഭക്ഷണമായി ഉപയോഗിക്കുന്ന സസ്യ ഭാഗങ്ങൾ കണ്ടെത്തുന്നു. | | | | | |

| ലക്ഷ്യങ്ങൾ | പ്രവർത്തനം | ക്ലാസ് | കാലദൈർഘ്യം | ചുമതല | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|---|
